(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന് ഡെപ്യൂട്ടേഷൻ അനുവദിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) ഐ.റ്റി. ഡിപ്പാർട്ട്മെന്റിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ പുറമേനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി) (എ) ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) 23-3-1999 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം. 43/99/ ഐ.റ്റി. പ്രകാരം ഐ.റ്റി. വകുപ്പിന്റെ കീഴിൽ മിഷൻ ഓൺ ഐ.റ്റി. എന്ന പേരിൽ ഒരു സാങ്കേതിക ടീം രൂപീകരിക്കുകയും അതിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അസിസ്റ്റന്റ് മിഷൻ കോ-ഓർഡിനേറ്റർമാരുടെ 4 തസ്തിക സൃഷ്ടിക്കുകയും, അതിലേക്ക് 4 പേരെ നിയമിക്കുകയും ചെയ്തു.

കേരളത്തിന്റെ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികൾ

29 (3219) ശ്രീ. ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആസൂത്രണ ബോർഡ് കേരളത്തിന്റെ വികസനം ലക്ഷ്യമാക്കി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട് ;

(സി) നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ആസൂത്രണ ബോർഡ് തയ്യാറാക്കിയ പദ്ധതികൾക്ക് ബാങ്ക് വായ്പകൾ നെടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) കേന്ദ്രസർക്കാരിന്റെ സമീപനവും ബാങ്ക് വായ്പാ നിയമത്തിന്റെ അപാകതകളും സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകളെ മുരടിപ്പിക്കുന്നതാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) സംസ്ഥാന സമ്പദ്ഘടനയുടെ ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് എന്തെല്ലാം സർവേകളും പഠനങ്ങളുമാണ് ഈ സർക്കാർ അധികാരമേറ്റശേഷം ആസൂത്രണ ബോർഡ് നടത്തിയത് ; ഓരോ സർവേയെപ്പറ്റിയും വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സംസ്ഥാന ആസൂത്രണ ബോർഡ് നേരിട്ട് വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാറില്ല. സംസ്ഥാനത്തിന്റെ സമ്പദ് വളർച്ച ലക്ഷ്യമാക്കി വിവിധ മേഖലകളിൽ നടപ്പാക്കാൻ വേണ്ടി വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ സമയബന്ധിതമായി നടപ്പാക്കുന്നതിനും ബന്ധപ്പെട്ട നിർവഹണ ഏജൻസികൾക്ക് സാങ്കേതികവും ധനസംബന്ധവുമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും, തയ്യാറാകുന്ന പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് പഞ്ചവത്സര പദ്ധതികളിലും വാർഷിക പദ്ധതികളിലും ഉൽക്കൊള്ളിച്ച് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്യുക എന്നതാണ് ആസൂത്രണ ബോർഡിന്റെ പ്രധാന കർത്തവ്യങ്ങളിൽ ഒന്ന്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ മേഖലകളിൽ നടപ്പാക്കേണ്ട വികസന പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ ഒൻപതാം പഞ്ചവത്സര പദ്ധതിക്കും (1997-2002) അതിന്റെ ഭാഗമായ നാലു വാർഷിക പദ്ധതികൾക്കും (1997-98, 1998-99, 1999-2000, 2000-01) ആസൂത്രണ ബോർഡ് രൂപം നൽകിയിട്ടുണ്ട്. ഒൻപതാം പദ്ധതി തയ്യാറാകുന്നതിനുവേണ്ടി ആസൂത്രണ ബോർഡ് 13 സ്റ്റീയറിംഗ് കമ്മിറ്റികളും അവയ്ക്ക് കീഴിൽ 68 ടാസ്ക് ഫോഴ്സുകളും രൂപീകരിച്ചിരുന്നു. സംസ്ഥാനത്തിനകത്തും പുറത്തും നിന്നുള്ള വിദഗ്ദ്ധർ, ഗവൺമെന്റ് വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് തലവൻമാർ, മറ്റ് ഉദ്യോഗസ്ഥൻമാർ തുടങ്ങിയവർ ഈ കമ്മിറ്റികളിൽ അംഗങ്ങളായിരുന്നു. പ്രസ്തുത കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകൾ സംസ്ഥാനത്തിന്റെ വ്യത്യസ്ത മേഖലകളുടെ വികസനത്തിനാവശ്യമായ വിവരങ്ങൾ നൽകുകയും അവയിലെ ശുപാർശകൾ അടിസ്ഥാന പ്രമാണമാക്കി ഒൻപതാം പദ്ധതി രൂപീകരിക്കുകയും ചെയ്തു (ഒൻപതാം പദ്ധതിക്ക് രൂപം നൽകുന്നതിനായി നിയമിച്ച സ്റ്റീയറിംഗ് കമ്മിറ്റികളേയും ടാസ്ക് ഫോഴ്സുകളേയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു.)† ഒൻപതാം പദ്ധതി അടങ്കലിന്റെ 35-40 ശതമാനം വരുന്ന തുക. പ്രദേശിക വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുവേണ്ടി തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറാൻ നീക്കിവച്ചിട്ടുണ്ട്. ഈ തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനുവേണ്ട സാങ്കേതികവും ധനസംബന്ധവുമായ മാർഗനിർദ്ദേശങ്ങളും മറ്റു സഹായങ്ങളും തദ്ദേശ സ്ഥാപനങ്ങൾക്ക് നല്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ജനകീയാസൂത്രണ പദ്ധതിയുടെ നിർവഹണ ചുമതല ഇപ്പോൾ ആസൂത്രണ ബോർഡിനാണ്. ഇതിന്റെ ഭാഗമായി വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ഈ പരിപാടിയുമായി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly

വിഷയങ്ങളിൽ നിരവധി പരിശീലന പരിപാടികൾ ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്. ജനപ്രതിനിധികൾ നിർവഹണ ഉദ്യോഗസ്ഥന്മാർ, റിസോഴ്സ് പേഴ്സൺസ് എന്നിവർ ഉൾപ്പെടെ 18 ലക്ഷത്തോളം പേർ ഇതിനകം നടത്തിയ പരിശീലന പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. ഈ പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടു പോകുന്നതിനു വേണ്ട മാനവശേഷി വികസിപ്പിച്ചെടുക്കുന്നതിനുള്ള ഒരു കാര്യശേഷി വികസന പരിപാടി തയ്യാറാക്കി സ്വിറ്റ്സർലാൻഡ് സർക്കാരിന്റെ സ്വീസ് ഏജൻസി ഫോർ ഡവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷന്റെ (എസ്.ഡി.സി) സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്നു. ഇതിനുവേണ്ടി സംസ്ഥാനത്തെ പ്രധാന പരിശീലന സ്ഥാപനങ്ങളായ കില, ഐ. എം. സി., എസ്. ഐ. ആർ. ഡി. എന്നിവയുടെ കാര്യശേഷി വികസിപ്പിച്ചെടുക്കുന്നതാണ്.

(ഡി) പ്രസക്തമല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വളർച്ച ത്വരിതപ്പെടുത്തുന്നതിനും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമാവശ്യമായ അനുകൂല നടപടികൾ കേന്ദ്ര സർക്കിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ലാ എന്നത് ഒരു വസ്തുതയാണ്. സംസ്ഥാന സർക്കാരിന്റെ വികസന ഉദ്യമങ്ങൾക്ക് സഹായകമായ ഒരു സമീപനം കൈക്കൊള്ളണമെന്നും ഇതിന്റെ ഭാഗമായി കേന്ദ്രപൊതുമേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെന്നും നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കാര്യമായ ഫലമുണ്ടായിട്ടില്ല.

സംസ്ഥാനത്തെ വിവിധ വികസന മേഖലകളിലെ പദ്ധതികൾ നടപ്പാക്കാനാവശ്യമായ സാമ്പത്തിക സഹായം ബാങ്കുകൾ പര്യാപ്തമായ തോതിൽ ന്ലകുന്നില്ല എന്നതും ഒരു വസ്തുതയാണ്. സംസ്ഥാനത്തെ ബാങ്കുകളിലെ വായ്പാ നിക്ഷേപ അനുപാതം ഉത്കണ്ഠയുളവാക്കുംവിധം നിരന്തരം കുറഞ്ഞുവരുന്ന പ്രവണതയാണ് കാണിക്കുന്നത്. ബാങ്കുകളുടെ പ്രതിനിധികളുമായി ഇക്കാര്യം പലവട്ടം ചർച്ച ചെയ്തിരുന്നുവെങ്കിലും വായ്പാ വിതരണ നയത്തിൽ യാതൊരുവിധ മാറ്റങ്ങളും ദൃശ്യമായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ സമീപനവും ബാങ്കുകളിൽ നിന്നുള്ള വായ്പയുടെ കുറവും നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി വികസന പ്രക്രിയയെ പ്രതികൂലമായി ബാധിക്കുന്നതരത്തിലാണ്.

(എഫ്) സംസ്ഥാന ആസൂത്രണ ബോർഡ് നേരിട്ടും ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്നും നടത്തിയ/നടത്തിവരുന്ന പഠനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം - രണ്ടിൽ നല്കിയിരിക്കുന്നു.† ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട സ്റ്റിയറിംഗ് കമ്മിറ്റികളുടെയും ടാസ്ക് ഫോഴ്സുകളുടെയും റിപ്പോർട്ടുകളിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെപ്പറ്റിയും വിശദമായി അവലോകനം നടത്തിയിട്ടുണ്ട്.

---

† അനുബന്ധം - V (a)

LIBRARY ARCHIVES Kerala Legislative Assembly